# മഹാത്മാഗാന്ധി സർവ്വകലാശാല

## (സംഗ്രഹം)

പെൻഷണർമാർ-ലൈഫ് സർട്ടിഫിക്കറ്റ്-ഓൺലൈൻ വഴിയുള്ള സമർപ്പണം-'ജീവൻ പ്രമാൺ' പദ്ധതി നടപ്പിൽ വരുത്തുന്നത്-നിബന്ധനകളും നടപടിക്രമങ്ങളും അംഗീകരിച്ച്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

## ഭരണവിഭാഗം എഡി.എ 10 വിഭാഗം

സ.ഉ.നം. 6470/എ10/1/02/2017/ഭ.വി. പി.ഡി. ഹിൽസ്, 01/11/2017

പരാമർശം:- സർവ്വകലാശാല ഐ.ടി. ഏകോപനാധികാരി (ഭ.വി.) യുടെ 25/09/2017-ലെ കുറിപ്പ്

## ഉത്തരവ്

കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ, പൊതുമേഖലാ-സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ പെൻഷണർമാർ എല്ലാ വർഷവും അതാത് പെൻഷൻ ഡിസ്ബേഴ്സിംഗ് അതോറിറ്റിക്കു നേരിട്ട് സമർപ്പിക്കേണ്ട ലൈഫ് സർട്ടിഫിക്കറ്റ്, ഓൺലൈൻ ആയി സമർപ്പിക്കുന്നതിലേക്ക് കേന്ദ്ര ഇലക്ട്രോണിക്സ് വകുപ്പ് ആവിഷ്ക്കരിച്ചിട്ടുള്ള 'ജീവൻ പ്രമാൺ' പദ്ധതിയിൽ മഹാത്മാഗാന്ധി സർവ്വകലാശാല ഉൾപ്പെട്ടിട്ടുള്ളതായി പരാമർശം കത്ത് പ്രകാരം അറിയിക്കുകയും ആയത് സംബന്ധിച്ച വസ്തുതകളും സ്വീകരിക്കേണ്ട നടപടിക്രമങ്ങളും വിശദമാക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ, മഹാത്മാഗാന്ധി സർവ്വകലാശാലയിലെ പെൻഷൻകാർക്ക് അവരുടെ ലൈഫ് സർട്ടിഫിക്കറ്റ് 2017 വർഷം മുതൽ ജീവൻ പ്രമാൺ പദ്ധതി വഴി താഴെപ്പറയുന്ന നിബന്ധനകൾ/ വ്യവസ്ഥകൾ എന്നിവയ്ക്ക് വിധേയമായി ഡിജിറ്റലായി ജനറേറ്റ് ചെയ്യുന്നതിനും അപ്ലോഡ് ചെയ്യുന്നതിനും അംഗീകാരം നൽകിക്കൊണ്ട് ബഹു.വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

(1) ലൈഫ് സർട്ടിഫിക്കറ്റ് അഥവാ ജീവനസാക്ഷ്യപത്രം ജീവൻ പ്രമാൺ പദ്ധതി വഴി ഡിജിറ്റൽ ആയി അപ്ലോഡ് ചെയ്യുന്ന പെൻഷണർമാർ ആധാർ നമ്പർ, ആക്ടീവ് മൊബൈൽ നമ്പർ എന്നിവയുടെ ഉടമകൾ ആയിരിക്കണം.

(2) പെൻഷണർമാർ അവരുടെ ആധാർ നമ്പർ പെൻഷൻ ഡിസ്ബേഴ്സിംഗ് ഏജൻസിയുമായി രജിസ്റ്റർ ചെയ്തിരിക്കണം.

(3) പെൻഷണർമാർക്ക്, *www.jeevanpramaan.gov.in*, *www.mgu.ac.in* എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാക്കിയിട്ടുള്ള രാജ്യത്തെ തെരഞ്ഞെടുത്ത സിറ്റിസൺ സർവ്വീസ്/അക്ഷയ സെന്റർ ഏതെങ്കിലും സന്ദർശിച്ച് അവരുടെ ഡിജിറ്റൽ ലൈഫ് സർട്ടിഫിക്കറ്റ് ജനറേറ്റ് ചെയ്യാവുന്നതാണ്. ഇതിനുള്ള നടപടിക്രമങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

(4) പെൻഷണർമാർ ജനറേറ്റ് ചെയ്യുന്ന ഡിജിറ്റൽ ലൈഫ് സർട്ടിഫിക്കറ്റ് ഡൗൺലോഡ് ചെയ്തെടുക്കുവാൻ ഡെപ്യൂട്ടി രജിസ്ട്രാർ I (ഭരണവിഭാഗം) -നെ അധികാരപ്പെടുത്തിയിരിക്കുന്നു.

(5) ഡെപ്യൂട്ടി രജിസ്ട്രാർ I (ഭരണവിഭാഗം) ന്റെ നിയമന ഉത്തരവ് സർവ്വകലാശാല സീൽ പതിപ്പിച്ച് ആവശ്യമായ വ്യക്തിവിവരണങ്ങളോടെ ജീവൻ പ്രമാൺ വെബ് സൈറ്റിലേക്ക് അപ്ലോഡ് ചെയ്യേണ്ടതാണ്.

(6) ലൈഫ് സർട്ടിഫിക്കറ്റ് ഡിജിറ്റൽ ആയി ജീവൻ പ്രമാൺ വഴി അപ്ലോഡ് ചെയ്യാൻ കഴിയാത്ത പെൻഷണർമാർക്ക് അത് നിലവിലേതുപോലെ നേരിട്ടും സമർപ്പിക്കാവുന്നതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

അസിസ്റ്റന്റ് രജിസ്ട്രാർ I (ഭരണവിഭാഗം)
രജിസ്ട്രാർക്കുവേണ്ടി

പകർപ്പ്

1) എല്ലാ പെൻഷൻകാർക്കും
2) വി.സി./പി.വി.സി. എന്നിവരുടെ പി.എസ്. മാർ
3) രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ/പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ. മാർ
4) കേരള ഓഡിറ്റ് സർവ്വീസ്, എം.ജി.യു. കാര്യാലയം
5) സർവ്വകലാശാല ഐ.ടി. ഏകോപനാധികാരി (ഭ.വി.)
6) എസ്.ബി.ഐ. ക്യാമ്പസ് ബ്രാഞ്ച്

മറുപുറം

7) ഭ.വി./ഭ ഏആർ/ഡിആർ/ജെആർ മാർ

8) എഡി.എ I/II/III/IV/V/VI/VII/VIII/IX സെക്ഷനുകൾ

9) ഓഡിറ്റ് /ഫിനാൻസ്/എഫ്.സി.സി/ജനറൽ ക്യാഷ് സെക്ഷനുകൾ

10) കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ/ഐ.ക്യു.എ.സി

11) സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

<u>ഡിജിറ്റൽ ലൈഫ് സർട്ടിഫിക്കറ്റ് ജനറേറ്റ് ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ</u>

1) *www.jeevanpramaan.gov.in*, *www.mgu.ac.in* എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാക്കിയിട്ടുള്ള ഏതെങ്കിലും സിറ്റിസൺ സർവീസ്/അക്ഷയ സെന്ററിൽ എത്തി ജീവൻ പ്രമാൺ സൈറ്റ് തുറക്കുക.

2) പെൻഷൻകാർ അവരുടെ ആധാർ നമ്പറും മൊബൈൽ നമ്പറും നിശ്ചിത കള്ളികളിൽ ശരിയായി രേഖപ്പെടുത്തി രജിസ്റ്റർ ചെയ്യുക.

3) തുടർന്ന്, രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പറിലേക്ക് എത്തുന്ന *One Time Password (OTP)*, അതിന്റെ കള്ളിയിൽ രേഖപ്പെടുത്തിയതിനു ശേഷം *OK* ബട്ടൺ ക്ലിക്ക് ചെയ്യുക.

4) തുടർന്ന് ലഭ്യമാകുന്ന സ്ക്രീനിൽ പെൻഷൻകാർ അവരുടെ പേര്, പി.പി.ഒ നമ്പർ, പെൻഷൻ തരം, പെൻഷൻ സാങ്ഷനിംഗ് അതോറിറ്റി (*MG University,Kerala*), പെൻഷൻ ഡിസ്ബേഴ്സിംഗ് ഏജൻസി (*MG University,Kerala*), ഇ-മെയിൽ ഐ.ഡി, ബാങ്ക് അക്കൗണ്ട് നമ്പർ ഇവ നിശ്ചിത കള്ളികളിൽ കൃത്യമായി രേഖപ്പെടുത്തുക. ഒപ്പം പുനർനിയമനം ലഭിച്ചിട്ടുണ്ടോ, പുനർവിവാഹം ചെയ്തിട്ടുണ്ടോ എന്നതു സംബന്ധിച്ച് *Yes/No* എന്നീ കള്ളികളിൽ ഏതിലെങ്കിലും ക്ലിക്ക് ചെയ്യേണ്ടതാണ്.

5) തുടർന്ന്, എന്റെ പെൻഷൻ വിവരങ്ങൾ ജീവൻ പ്രമാൺ വെബ്സൈറ്റിൽ ലഭ്യമാക്കുന്നതിൽ എതിർപ്പില്ല എന്ന് ബന്ധപ്പെട്ട കള്ളിയിൽ ക്ലിക്ക് ചെയ്യേണ്ടതാണ്.

6) തുടർന്ന് *'SCAN FINGER'* എന്ന ബട്ടൺ ക്ലിക്ക് ചെയ്യുക.

7) ഫിംഗർ പ്രിന്റ് സ്കാനിംഗ് വിജയകരമായി പൂർത്തിയാക്കുന്നതോടെ സ്ക്രീനിൽ ലൈഫ് സർട്ടിഫിക്കറ്റ് തെളിയുന്നതാണ്. ഒപ്പം മൊബൈൽ നമ്പറിലേക്ക് *SMS* വഴി ജീവൻ പ്രമാൺ സർട്ടിഫിക്കറ്റിന്റെ *ID* ലഭിക്കുന്നതുമാണ്. പ്രസ്തുത *ID* ഉപയോഗപ്പെടുത്തി എപ്പോൾ വേണമെങ്കിലും പെൻഷൻകാർക്ക് അവരുടെ ലൈഫ് സർട്ടിഫിക്കറ്റ് ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്.

---